## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T 3948.

19.03.2018- ൽ
മറുപടിയ്ക്ക്

**ചാലക്കുടിയിൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

ചോദ്യം
ശ്രീ.ബി.ഡി. ദേവസ്സി

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) ചാലക്കുടി നഗരസഭയിലെ പുത്തുപറമ്പ് ദേശത്ത് പുളച്ചിറകുളം പുറമ്പോക്ക് ഭൂമിയിൽ (സർവ്വേ നമ്പർ 290, കിഴക്കേ ചാലക്കുടി വില്ലേജ്) കാലങ്ങളായി താമസിച്ച് വരുന്ന ശ്രീ. രാധാകൃഷ്ണൻ, പുത്തൻ പുരയ്ക്കൽ ഹൗസിന്റെയും , കൊരട്ടി ഗ്രാമ പഞ്ചായത്തിലെ മുരിങ്ങൂർ തെക്കുംമുറി വില്ലേജിലെ ഒ. എൽ. ജോസ്, ഒലിയപുറം വീട്,(സർവ്വേ നമ്പർ 218/3) പഞ്ചായത്ത് അധീനതയിലുള്ള ഇടവഴി പുറമ്പോക്ക് ഭൂമിയുടേയും പട്ടയം ലഭ്യമാക്കുന്നതിനായുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ) & (ബി) ചാലക്കുടി നഗരസഭയിലെ കിഴക്കെ ചാലക്കുടി സർവ്വെ 290 ബി.ടി.ആർ പ്രകാരം കുളം പുറമ്പോക്ക് ആയി പതിഞ്ഞിട്ടുള്ളതും നിലവിൽ ചാലക്കുടി മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തവുമാണ്, എന്നതിനാൽ ശ്രീ.രാധാകൃഷ്ണൻ, പുത്തൻപുരയ്ക്കൽ എന്നവരുടെ അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിനായി ടി ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തം ചെയ്ത് ലഭിക്കേണ്ടതുണ്ട്. ടി ഭൂമി പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് ചാലക്കുടി തഹസിൽദാരുടെ സി3-18951/11 തീയതി. 19.02.2016 പ്രകാരം മുൻസിപ്പൽ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

ശ്രീ.ഒ.എൽ.ജോസ്, ഒലിയപ്പുറം എന്നവർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള കൊരട്ടി ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുരിങ്ങൂർ തെക്കുംമുറി വില്ലേജ് സർവ്വെ 218/3-ൽപ്പെട്ട ഭൂമി ബി.ടി.ആർ പ്രകാരം ഇടവഴി പുറമ്പോക്ക് ആയി പതിഞ്ഞിട്ടുള്ളതാണ്. ടി ഭൂമി നിലവിൽ കൊരട്ടി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്തു ലഭിക്കുന്നതിനായി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട 29045/എൽ3/14/റവ നമ്പർ ഫയൽ 17.06.2016-ൽ തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്നും ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി ലഭിക്കുന്ന മുറയ്ക്ക് ടി അപേക്ഷകളിന്മേൽ പട്ടയ നടപടി സ്വീകരിക്കുന്നതാണ്.

Indu.S.S

**സെക്ഷൻ ഓഫീസർ**